ഓൺലൈന് ഡാറ്റാ എൻട്രി ജോലി വാഗ്ദാനം ചെയ്ത് 13.50 ലക്ഷം രൂപ തട്ടിയെടുത്ത പ്രതികളെ മുംബൈയിൽ നിന്നും വയനാട് സൈബര് പോലീസ് അറസ്റ്റ് ചെയ്തു. ആസാം സ്വദേശികളായ ഹബീബുൽ ഇസ്ലാം, അബ്ദുൾ ബാഷർ എന്നിവരെയാണ് ജില്ലാ പോലീസ് മേധാവി Dr. അർവിന്ദ് സുകുമാര് ഐ.പി.എസ്-ന്റെ നിര്ദേശ പ്രകാരം വയനാട് സൈബർ ക്രൈം പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടര് ജിജീഷ് പി.കെ യുടെ നേതൃത്വത്തിൽ SCPO സലാം കെ.എ, CPO-മാരായ ഷുക്കൂർ പി.എ, റിയാസ് എം.എസ്, ജബലു റഹ്മാൻ, വിനീഷ്.സി എന്നിവരടങ്ങിയ പോലീസ് സംഘം മുംബൈയിലെ ഓശിവരാ എന്ന സ്ഥലത്തു നിന്നും സാഹസികമായി അറസ്റ്റ് ചെയ്തത്. 2021 ഡിസംബര് മാസം ബത്തേരി സ്വദേശിനിക്ക് ഓൺലൈന് വഴി ഡാറ്റാ എൻട്രി ജോലി നൽകി മാസം 35000 രൂപ ശമ്പളം നൽകാം എന്ന് വിശ്വസിപ്പിച്ചു makemytrip എന്ന വ്യാജ കമ്പനിയുടെ പേരിൽ ബന്ധപ്പെട്ട പ്രതികള് ഉദ്യോഗാർത്ഥിനിയെ കൊണ്ട് ഡാറ്റാ എൻട്രി ജോലി ചെയ്യിപ്പിക്കുകയും തുടർന്ന് ശമ്പളം ലഭിക്കുന്നതിനായി രജിസ്ട്രേഷന് ചാർജ്, വിവിധ നികുതികൾ, പ്രോസസ്സിംഗ് ഫീ എന്നിവ അടക്കാൻ ആവശ്യപ്പെട്ട് തന്ത്ര പൂർവ്വം 13.50 ലക്ഷത്തോളം രൂപ വിവിധ ബാങ്ക് അക്കൗണ്ടുകളിലേക്ക് നിക്ഷേപിപ്പിച്ചാണ് തട്ടിപ്പ് നടത്തിയത്. പ്രതികളുടെ പക്കൽ നിന്നും തട്ടിപ്പിലൂടെ സമ്പാദിച്ച 5.35 ലക്ഷം രൂപയും കുറ്റകൃത്യം ചെയ്യാനായി ഉപയോഗിച്ച 13 മൊബൈല് ഫോണ്, നിരവധി വ്യാജ സിം കാർഡുകള്, 3 ലാപ്ടോപ്പ്, നിരവധി ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകളും, 10 ലക്ഷത്തോളം രൂപയുള്ള ബാങ്ക് അക്കൗണ്ട്, പാസ്സ് ബുക്ക്, ചെക്ക് ബുക്ക് എന്നിവയും കണ്ടെത്തി പ്രതികളുടെ BMW കാർ അടക്കം പോലീസ് കസ്റ്റഡിയിൽ എടുത്തു.